(സി&ഡി) അതതു പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ചുള്ള 'ആർട്ടിക്കിൾസ് ഓഫ് അസോസിയേഷൻ'സിലെ വ്യവസ്ഥകളനുസരിച്ചാണ് ഡയറക്ടർമാരെ നിയമിക്കുന്നത്.

പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്വകാര്യവൽക്കരണം

123 (1189) ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തു ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരികളാണ് വിൽക്കാൻ തീരുമാനിച്ചത് ; ഇതിനു സർക്കാർ കൈക്കൊണ്ട മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും എത്ര ശതമാനം ഓഹരികളാണ് വിൽക്കാൻ തീരുമാനിച്ചതെന്നും വ്യക്തമാക്കാമോ ;

(ബി) ഓഹരികൾ സ്വകാര്യവൽക്കരിക്കുന്നതുമൂലം തൊഴിലാളികൾക്ക് ജോലി സംരക്ഷണം ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

ഉത്തരം

(എ) താഴെപ്പറയുന്ന സ്ഥാപനങ്ങളുടെ 100 ശതമാനം ഓഹരികൾ വാങ്ങുന്നതിനായുള്ള അപേക്ഷകൾ പത്ര പരസ്യം വഴി ക്ഷണിച്ചിട്ടുണ്ട്.

കെൽട്രോൺ കൗണ്ടേഴ്സ്, കേരള സ്റ്റേറ്റ് സാലിസിലേറ്റ്സ് ആന്റ് കെമിക്കൽസ്, കേരളാ സ്റ്റേറ്റ് ഡിറ്റർജന്റ്സ് ആന്റ് കെമിക്കൽസ്, ട്രാവൻകൂർ പ്ലൈവുഡ് ഇൻഡസ്ട്രീസ്, ആസ്ട്രൽ വാച്ചസ്.

(ബി) വി.ആർ.എസ്. വാങ്ങി പിരിഞ്ഞുപോകുന്ന ജീവനക്കാരെ ഒരു സാമൂഹ്യ സുരക്ഷിതത്വ പദ്ധതിയിൻ കീഴിൽ കൊണ്ടുവരുന്നതിനു സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

പിഗ്മെന്റ്സ് ഇൻഡ്യ ലിമിറ്റഡിന്റെ സ്തംഭനാവസ്ഥ പരിഹരിക്കാൻ നടപടി

124 (1196) ശ്രീ. ടി. യു രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാള നിയോജകമണ്ഡലത്തിലെ ആളൂർ പഞ്ചായത്തിലെ താഴേക്കാട് പ്രവർത്തിക്കുന്ന പിഗ്മെന്റ്സ് ഇൻഡ്യാ ലിമിറ്റഡ് എന്ന കമ്പനി സ്തംഭനാവസ്ഥയിലേക്ക് നീങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നൂറു കണക്കിന് ജീവനക്കാരുള്ള ഈ കമ്പനിയെ രക്ഷിക്കുവാൻ വ്യവസായ വകുപ്പിന്റെ ഭാഗത്ത് നിന്ന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത കമ്പനി നിലനിറുത്തുന്നതിന് ആവശ്യമായ സാമ്പത്തിക സഹായം ഉൾപ്പെടെയുള്ള സഹായ നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly